**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 376** **07-10-2024 - ൽ മറുപടിയ്ക്ക്**

**തെരുവ് നായ്ക്കളുടെ ആക്രമണം തടയാൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. എ. കെ. എം. അഷ്‌റഫ്, ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) |
| (എ) | നഗര ഗ്രാമ വ്യത്യാസമില്ലാതെ തെരുവ് നായ്ക്കളുടെ എണ്ണം പെരുകി വരുന്നതും ആക്രമണകാരികൾ ആകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നാട്ടുകാരെ ആക്രമിച്ച നായ്ക്കൾക്ക് പേവിഷ ബാധ ഉള്ളതായി സ്ഥിരീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പാലോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസിൽ 2024-ൽ പരിശോധിച്ചതിൽ 10 എണ്ണത്തിന് പേവിഷ രോഗ ബാധയുള്ളതായി സ്ഥിരീകരിച്ചിട്ടുണ്ട്. |
| (സി) | അലഞ്ഞുതിരിഞ്ഞ് നടക്കുന്ന മുഴുവൻ നായ്ക്കൾക്കും സമയബന്ധിതമായി വാക്സിനേഷൻ നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്. സംസ്ഥാനം പേവിഷ വിമുക്തമാക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് തെരുവുനായ്ക്കളിലും വളർത്തുനായ്ക്കളിലും പേവിഷ പ്രതിരോധകുത്തിവെയ്പ്പ് 2022 സെപ്പംബർ മുതൽ ആരംഭിച്ചു. തുടർന്ന് മൃഗസംരക്ഷണ വകുപ്പ്, മിഷൻ റാബീസുമായി 16.06.2023 ന് ധാരണാപത്രം ഒപ്പ് വയ്ക്കുകയും 2022 ൽ ആരംഭിച്ച മാസ് ഡോഗ് വാക്സിനേഷൻ പദ്ധതിയിൽ മിഷൻ റാബീസുമായി സഹകരിച്ചു പ്രവർത്തിച്ചു വരുന്നു. മാസ് ഡോഗ് വാക്സിനേഷൻ 2022, 2023 വർഷങ്ങളിൽ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ മുൻ വർഷത്തിലേതിനെക്കാൾ ഫലപ്രദമായി പദ്ധതി വിജയിപ്പിക്കുന്നതിന് 2024 ൽ വാക്സിനേഷൻ സംബന്ധിച്ച് നിലവിലുള്ള സ്ട്രാറ്റജിയിൽ മാറ്റം വരുത്തുന്നതിന് സ്റ്റേക്ക് ഹോൾഡേഴ്സുമായി ചർച്ച നടത്തുകയും തുടർനടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.<br><br>തദ്ദേശ സ്വയംഭരണ വകുപ്പും തെരുവുനായ്ക്കളിൽ വാക്സിനേഷൻ നടത്തിവരുന്നു. ഈ ആവശ്യത്തിലേയ്ക്കായി വാക്സിൻ മൃഗസംരക്ഷണ വകുപ്പ് സൗജന്യമായി വിതരണം ചെയ്യുന്നു. വാക്സിനേഷനിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർക്ക് മൃഗസംരക്ഷണ വകുപ്പിന്റെ പരിശീലനകേന്ദ്രങ്ങളിൽ വച്ച് പരിശീലനം നൽകുന്നു. |

| | | | | |
|---|---|---|---|---|
| | | | | 15.09.2022 തീയതിയിലെ സ.ഉ (സാധാ) നമ്പർ. 2244/2022/LSGD നമ്പർ ഉത്തരവ് പ്രകാരവും അനിമൽ ബർത്ത് കൺട്രോൾ റൂൾസ് 2023 പ്രകാരവും തെരുവു നായ്ക്കളുടെ ആക്രമണങ്ങൾ നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാമിന്റെ ഭാഗമായി തീവ്ര വാക്സിനേഷൻ യജ്ഞം, അഭയ കേന്ദ്രങ്ങൾ സജ്ജമാക്കൽ, ശുചിത്വയജ്ഞം, ഐ.ഇ.സി ക്യാമ്പയിൻ എന്നിവ നടത്തി വരുന്നു.<br><br>എ.ബി.സി പദ്ധതിയോടൊപ്പം സ്ട്രീറ്റ് ഡോഗ് വാക്സിനേഷനും ചെയ്തു വരുന്നുണ്ട്. എ.ബി.സി പദ്ധതിക്കും സ്ട്രീറ്റ് ഡോഗ് വാക്സിനേഷനും കണ്ണൂർ ഒഴികെയുള്ള 5 കോർപറേഷനു കളിലും പ്രോജക്ടുകൾ തയ്യാറാക്കി എ.ബി.സി, പദ്ധതി, സ്ട്രീറ്റ് വാക്സിനേഷൻ എന്നിവ നടപ്പാക്കി വരുന്നു.<br><br>കണ്ണൂർ കോർപറേഷനിലും മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെല്ലാം തന്നെ ജില്ലയിലെ അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന മുഴുവൻ നായ്ക്കൾക്കും സമയബന്ധിതമായി വാക്സിനേഷൻ നൽകുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ തുക വകയിരുത്തി ജില്ലാ പഞ്ചായത്തിന് കൈമാറി സംയുക്തമായി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ